LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ പി.ജി. കോഴ്സിന്റെ വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വകുപ്പ്	തിരുവനന്തപുരം	കോഴിക്കോട്
1	മെറ്റീരിയ മെഡിക്ക	6 സീറ്റ്	6 സീറ്റ്
2	ഹോമിയോപ്പതിക് ഫിലോസഫി	6 സീറ്റ്	6 സീറ്റ്
3	റെപ്പർട്ടറി	6 സീറ്റ്	6 സീറ്റ്
	ആകെ	18 സീറ്റ്	18 സീറ്റ്

(ബി) ഇല്ല.

(സി) ഇത്തരം കോഴ്സുകൾ ആരംഭിക്കുന്നതിന് കേന്ദ്ര ആയുഷ് വകുപ്പ്, സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി, ആരോഗ്യ സർവ്വകലാശാല, കേരള സർക്കാർ എന്നിവരുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

ഹോമിയോ ഡീ-അഡിക്ഷൻ സെന്ററുകൾ

142(2611) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ വകുപ്പിന്റെ കീഴിൽ ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സെന്ററുകളിൽ കിടത്തി ചികിത്സ ഉണ്ടോയെന്നും ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹോമിയോ വകുപ്പിന്റെ കീഴിൽ ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ജില്ലാ ഹോമിയോ ആശുപത്രികളിലും ഡീ-അഡിക്ഷൻ സെന്ററിന്റെ സേവനം നിലവിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സെന്ററുകൾ പ്രവർത്തിക്കുന്ന ജില്ലാ ഹോമിയോ ആശുപത്രികളിൽ കിടത്തി ചികിത്സാ സൗകര്യം ലഭ്യമാണ്. ജില്ലാ ഹോമിയോ ആശുപത്രികളിൽ സീതാലയം എന്ന പദ്ധതിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളിൽ ഹോമിയോപ്പതി മരുന്നുകളിലൂടെയുള്ള ആയുര സേവനത്തിന് പുറമേ സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ് തുടങ്ങിയവരുടെ കൗൺസിലിംഗും ലഭ്യമാണ്.